വർദ്ധിപ്പിക്കാതെ വില്ലേജുകളുടെ എണ്ണം പരിമിതപ്പെടുത്തുകയാണെങ്കിൽ ഓരോ വില്ലേജ് ഓഫീസും അതിനനുസരിച്ച് വിപുലപ്പെടുത്തുക മുതലായ കാര്യങ്ങൾ പരിശോധിക്കേണ്ടിവരും, എന്തായാലും ഗവൺമെന്റ് ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

കോയിപ്രം വില്ലേജിലെ പ്ളാവേലിച്ചിറ, പൊട്ടുകുളംചിറ നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാനുള്ള നടപടി

57 (1414)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോയിപ്രം വില്ലേജിലെ പ്ലാവേലിച്ചിറ, പൊട്ടുകുളംചിറ നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 30 വർഷത്തിലധികമായി ഈ പ്രദേശത്ത് താമസിച്ചുവരുന്ന ഭൂരഹിതരായ കൈവശക്കാർക്ക് അടിയന്തിരമായി കൈവശ ഭൂമി പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) കോയിപ്രം വില്ലേജിലെ പ്ളാവേലിച്ചിറയിലെ താമസക്കാരായ അപേക്ഷ സമർപ്പിച്ച 8 പേർക്കും പൊട്ടുകുളംചിറയിൽ അപേക്ഷ സമർപ്പിച്ച 5 പേർക്കും 10.1.2000-ൽ നടന്ന പട്ടയമേളയിൽ പട്ടയം നൽകി.

(ബി) ഉണ്ട്.

(സി)&(ഡി) പട്ടയം നൽകിയിട്ടുണ്ട്.

പേരോൽ വില്ലേജിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് ഭൂമി പതിച്ചു നൽകാൻ നടപടി

58 (1416)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഹോസ്ദുർഗ് താലൂക്കിൽ പേരോൽ വില്ലേജിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് ഭൂമി പതിച്ചു നൽകൽ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി പതിച്ചു നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിയമതടസ്സം ഒഴിവാക്കി ഭൂമി പതിച്ചു നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) ഹോസ്ദുർഗ് താലൂക്കിൽ പേരോൽ വില്ലേജിൽ റി.സ. നം.189/1എ9,10, 11 എന്നിവയിൽപ്പെട്ട 12 ഏക്കർ ഭൂമി കാഞ്ഞങ്ങാട് ക്യാമ്പസ് ആരംഭിക്കുന്നതിനായി കണ്ണൂർ യൂണിവേഴ്സിറ്റിക്ക് പാട്ടത്തിനു നൽകുവാനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.

മൂവാറ്റുപുഴ താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ

59 (1417) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മൂവാറ്റുപുഴ താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പഞ്ചായത്തടിസ്ഥാനത്തിൽ അതിന്റെ വിവരങ്ങൾ നൽകുമോ;

(സി) ഇതിൽ ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര ആളുകൾക്ക് വീതം പട്ടയം നൽകിയിട്ടുണ്ട്;

(ഡി) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 3410 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)&(സി) പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടയം നൽകിയവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ബാക്കിയുള്ളവർക്ക് ഉടൻ തന്നെ പട്ടയം വിതരണം ചെയ്യുന്നതാണ്.

ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിന്റെ പെട്രോൾ പമ്പ് പരിശോധന

60 (1421) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരം ജില്ലയിൽ ഈ വർഷം ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റ് എത്ര പെട്രോൾ പമ്പുകൾ പരിശോധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം നഗരംവിട്ട് ഗ്രാമപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പമ്പുകളും പരിശോധിച്ച് കൃത്രിമങ്ങൾ കണ്ടുപിടിക്കാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly